കേരള സർക്കാർ

സംഗ്രഹം

വ്യവസായ വകുപ്പ്—സംസ്ഥാനത്തെ മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ എന്നിവ തങ്ങളുടെ ഫർണിഷിംഗ് ആവശ്യങ്ങൾക്ക് കയർ ഉൽപ്പന്നങ്ങൾ പരമാവധി ഉപയോഗിക്കണമെന്നും അവ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർഫെഡ് എന്നിവിടങ്ങളിൽ നിന്നും കോട്ടേഷൻ കൂടാതെ വാങ്ങണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

വ്യവസായ (ഇ) വകുപ്പ്

സ. ഉ. (എം. എസ്.) നമ്പർ 60/2007/വ്യവ. തിരുവനന്തപുരം, 2007 മേയ് 11

ഉത്തരവ്

സംസ്ഥാനത്തെ തനത് പരമ്പരാഗത വ്യവസായമായ കയർ രംഗത്തെ ആശ്രയിച്ച് നാലു ലക്ഷത്തോളം പേർ ഉപജീവനം നടത്തുന്നുണ്ട്. ഇവരിൽ 80 ശതമാനവും സ്ത്രീകളുമാണ്. ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഈ വ്യവസായത്തെ രക്ഷിക്കുന്നതിന് വിദേശ വിപണിയോടൊപ്പം ശക്തമായ ആഭ്യന്തര ഉപഭോഗവും വളർത്തിയെടുക്കേണ്ടതുണ്ട്.

കയറുൽപ്പന്നങ്ങൾ പൂർണ്ണമായും പരിസ്ഥിതിയ്ക്കിണങ്ങുന്നതും, കാലാവസ്ഥയ്ക്ക് അനുയോജ്യമാണെങ്കിലും മതിയായ കാരണമൊന്നും ഇല്ലാതെയെന്ന സർക്കാർ ഓഫീസുകളുടെയും മറ്റും ഫർണിഷിംഗ് ആവശ്യങ്ങൾക്ക് പരിസ്ഥിതിയ്ക്കിണങ്ങാത്ത വിനാശകരമായ ഉൽപ്പന്നങ്ങളും വിലകൂടിയ ഗ്രാനൈറ്റ് അടക്കമുള്ള സാമഗ്രികളും ഉപയോഗിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നുണ്ട്.

പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യേണ്ടത് അടിയന്തിര പ്രാധാന്യം അർഹിക്കുന്നു. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളും, സർക്കാർ വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ ഫർണിഷിംഗ് ആവശ്യങ്ങൾക്ക് പരമാവധി കയറുൽപ്പന്നങ്ങൾ ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ആയതിനാൽ സംസ്ഥാനത്തെ മുഴുവൻ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തങ്ങളുടെ ഫർണിഷിംഗ് ആവശ്യങ്ങൾക്ക് പരമാവധി കയറുൽപ്പന്നങ്ങൾതന്നെ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽപ്പടി സ്ഥാപനങ്ങൾക്ക് കയറുൽപ്പന്നങ്ങൾ ക്വട്ടേഷൻ കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഹോംഗാർഡിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡ്, കയർ അപ്പക്സ് സംഘമായ കേരള സംസ്ഥാന സഹകരണ കയർ ഫെഡറേഷൻ (കയർഫെഡ്) എന്നിവിടങ്ങളിൽനിന്നും വാങ്ങുന്നതിനും അനുവാദം നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. മുരളീധരൻ,
അഡീഷണൽ സെക്രട്ടറി.

എല്ലാ വകുപ്പു സെക്രട്ടറിമാർക്കും
(ധനകാര്യം, ലെജിസ്ലേച്ചർ, നിയമ വകുപ്പുകൾ ഉൾപ്പെടെ).
എല്ലാ വകുപ്പു മേധാവികൾക്കും.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും.
പൊതുഭരണ (എസ്. സി.) വകുപ്പ്.
ഇൻഫർമേഷൻ ആന്റ് പി. ആർ ഡി. വകുപ്പ് (വ്യാപകമായ പരസ്യത്തിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു. സഹകരണവും തുറമുഖവും ദേവസ്വവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
അഡീഷണൽ സെക്രട്ടറിയുടെ സി. എ.

നം: ഇ എ2/257/2010 തീയതി 26-3-2010

പൊതുഭരണ വകുപ്പിലെ എല്ലാ ഉത്തരവുകളുടെയും അറിവിലേക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

സി. എസ്. സി. ചക്രപാണി
26/3/2010